ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡിലെ നിയമനം

804. [996] ശ്രീ. എസ്. ഗോവിന്ദ കുറുപ്പ് :
,, പി. സി. തോമസ് (കടത്തുരുത്തി) :
ശ്രീമതി കെ. ആർ. ഗൗരി :
ശ്രീ. സി. കെ. തങ്കപ്പൻ :
,, വി. കേശവൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഡപ്യൂട്ടേഷൻ അടിസ്ഥാനത്തിൽ എന്തെങ്കിലും നിയമനം നടത്താൻ ഉദ്ദേശിക്കുണ്ടോ ?

ഉത്തരം

ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിൽ ആവശ്യമെന്ന് തോന്നുന്ന പക്ഷം ഡപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്താൻ ഉദ്ദേശിക്കുന്നു.

കയർ ഫാക്ടറി തൊഴിലാളികൾക്കുള്ള ക്ഷേമ നിധിയിലുള്ള തുക

805. [997] ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് :
,, പി. സി. തോമസ് (കടത്തുരുത്തി) :
,, വി. എസ്. ചന്ദ്രശേഖരൻ പിള്ള :
,, എ. കെ. പത്മനാഭൻ :
,, പി. വി. കുഞ്ഞിക്കണ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കയർ ഫാക്ടറി തൊഴിലാളികൾക്കുള്ള ക്ഷേമനിധിയിൽ ഇപ്പോൾ എത്ര തുക ഉണ്ട് ?

ഉത്തരം

₹,03,041 രൂപ 50 പൈസ.

കൈത്തറി തൊഴിലാളി ക്ഷേമനിധി

806. [998] ശ്രീ. എ. കെ. പത്മനാഭൻ :
,, സി. കെ. തങ്കപ്പൻ :
,, കോടിയേരി ബാലകൃഷ്ണൻ :
ശ്രീമതി പി. ദേവൂട്ടി :
ശ്രീ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൈത്തറി തൊഴിലാളികൾക്കുവേണ്ടി നടപ്പിലാക്കിയ ക്ഷേമ നിധിയിൽ ഇതുവരെ എന്തു തുക പിരിഞ്ഞുകിട്ടി ;

(ബി) പ്രസ്തുത ക്ഷേമനിധിയിൽനിന്നും ഇതിനകം എത്ര പേർക്ക് ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട് ?

ഉത്തരം

(എ) പൂർണ്ണമായും സർക്കാർ ധനസഹായം കൊണ്ടാണ് ഈ പദ്ധതി പ്രവർത്തിക്കുന്നത്.

(ബി) 154 പേർക്ക്.

LIBRARY ARCHIVES Kerala Legislative Assembly